**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## വിജ്ഞാപനം

**കീം 2023**

**കേരള എഞ്ചിനീയറിംഗ്/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം ഭിന്നശേഷി വിഭാഗക്കാർക്കുള്ള ശാരീരിക പരിശോധന സംബന്ധിച്ച്.**

സംസ്ഥാനത്തെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/ മെഡിക്കൽ /മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്ക് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിച്ചവരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുവാൻ അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്കായി പ്രോസ്പെക്ടസ് ക്ലോസ് 5.3 പ്രകാരം മെഡിക്കൽ ബോർഡ് നടത്തേണ്ടതുണ്ട്. 2023 വർഷത്തെ ഭിന്നശേഷി വിഭാഗക്കാർക്കുള്ള മെഡിക്കൽ ബോർഡ് 2023 ജൂൺ 5 മുതൽ 16 വരെ (രാവിലെ 10.30 മുതൽ വൈകിട്ട് 3.30 വരെ) തിരുവനന്തപുരത്തുള്ള ഗവൺമെന്റ് നഴ്സിംഗ് കോളേജിന്റെ കോൺഫറൻസ് ഹാളിൽ വച്ച് നടത്തുന്നു.

2023 വർഷത്തെ കീം പ്രവേശനത്തിന് ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തുവാനായി ഓൺലൈൻ മുഖേന അപേക്ഷ നൽകിയ വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ 'KEAM-2023 Candidate Portal' ൽ 'Register for PwD Verification' എന്ന ലിങ്കിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ പൂർത്തിയായവർക്ക് അറിയിപ്പ് കത്ത്, PwD Verification Proforma കൾ എന്നിവ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ഇങ്ങനെ ലഭ്യമാകുന്ന ഡോക്യുമെന്റുകളുടെ പ്രിന്റൗട്ട്, മെഡിക്കൽ രേഖകൾ എന്നിവ സഹിതം അറിയിപ്പ് കത്തിൽ പറഞ്ഞിരിക്കുന്ന സമയത്ത് മെഡിക്കൽ പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ നൽകാൻ വിട്ടുപോയ വിദ്യാർത്ഥികൾക്കും മെഡിക്കൽ പരിശോധനയിൽ പങ്കെടുക്കാവുന്നതാണ്. അത്തരം വിദ്യാർത്ഥികൾ മെഡിക്കൽ പരിശോധനയിൽ പങ്കെടുക്കുന്ന വിവരം *ceekinfo.cee@kerala.gov.in* എന്ന ഇമെയിൽ മുഖേന പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്.

I/40123/2023

മെഡിക്കൽ ബോർഡിൽ പങ്കെടുക്കാത്ത വിദ്യാർത്ഥികളെ കീം മുഖേനയുള്ള കോഴ്സുകളിലെ ഭിന്നശേഷി വിഭാഗം സീറ്റുകളിലെ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Arun K Vijayan
Date: 26-05-2023 11:44:21

തിരുവനന്തപുരം
26-05-2023

**പ്രവേശന പരീക്ഷാ കമ്മീഷണർ**